എഡി. എ5/3/എൻ.പി.എസ് (കോർ)/2016 തീയതി: 02/11/2017

## പരിപത്രം

വിഷയം : ദേശീയ പെൻഷൻ പദ്ധതി - ദേശീയ പെൻഷൻ പദ്ധതി അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച്.

പരാമർശം : പരിപത്ര നം. 76/2017, തീയതി: 12/10/2017, കേരള സർക്കാരിന്റെ ധനകാര്യ (ദേശീയ പെൻഷൻ പദ്ധതി സെൽ) വകുപ്പ്.

പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി കേരളത്തിൽ ജില്ലാ ട്രഷറി ഓഫീസർമാരുമായി വീഡിയോ കോൺഫറൻസ് നടത്തുന്നതിന്റെ ഭാഗമായി കേരള സർക്കാരിന്റെ ധനകാര്യ (ദേശീയ പെൻഷൻ പദ്ധതി സെൽ) വകുപ്പ് പരാമർശ പരിപത്രത്തിലൂടെ ദേശീയ പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു.

1. ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ അനന്തരാവകാശിയുടെ പേര് നൽകാത്തവർ.
2. വ്യക്തമായ മേൽവിലാസം, ഇ-മെയിൽ ഐഡി, ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ നൽകാത്ത ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ.
3. ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി ഒരു വർഷം കഴിഞ്ഞിട്ടും വരിസംഖ്യ അക്കൗണ്ടിൽ ക്രഡിറ്റ് ആകാത്തവർ.

മേൽ സാഹചര്യത്തിൽ എല്ലാ അംഗങ്ങളും അവരവരുടെ PRAN അക്കൗണ്ടും വ്യക്തിഗത വിവരങ്ങളും പരിശോധിച്ച് അടിയന്തിരമായി അപ്ഡേറ്റ് ചെയ്യുന്നതിനു വേണ്ടി പ്രസ്തുത വിവരം എഡി. എ5 സെക്ഷനിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-

**നോഡൽ ഓഫീസർ (ദേശീയ പെൻഷൻ പദ്ധതി) &**
**അസിസ്റ്റന്റ് രജിസ്ട്രാർ II (ഭരണ വിഭാഗം)**
**രജിസ്ട്രാർക്കു വേണ്ടി**

**പകർപ്പ്:**

1) പി.ആർ.ഒ
2) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
3) നോഡൽ ഓഫീസർ (അസിസ്റ്റന്റ് രജിസ്ട്രാർ II (ഭ.വി)
4) കരുതൽ ഫയൽ/ഫയൽ കോപ്പി.

**ഉത്തരവിൻ പ്രകാരം**

Harnit Begu

**സെക്ഷൻ ഓഫീസർ**